മിസ്റ്റർ കെ. അച്യുതമേനോൻ: രണ്ടാമത്തെ ലേലം വിളിച്ചില്ല.

മിസ്റ്റർ സി. കെ. എസ്സ്. മണി: ലേലം വിളിച്ചതിനുശേഷം ആ ലേലസംഖ്യക്കു കാപ്പു കിട്ടുന്നതിനു വല്ല വാലന്മാരും ആവശ്യപ്പെട്ടിട്ടുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ: ലേലം സ്ഥിരപ്പെടുത്തിയതിനുശേഷമാണ് അവർ ആവശ്യപ്പെട്ടിട്ടുള്ളത്.

മിസ്റ്റർ സി. കെ. എസ്സ്. മണി: കാപ്പു കുത്തക കൊടുക്കാമെന്നു അവരോടു കച്ചീട്ടു വാങ്ങിക്കുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ: വാങ്ങിച്ചിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ: അവിടെയുള്ള വാലന്മാക്കു് ഗവൺമെൻറ് കൂടുതൽ സഹായം ചെയ്തുകൊടുക്കേണ്ടതു്?

മിസ്റ്റർ കെ. അച്യുതമേനോൻ: അവർ സമയത്തു് ആവശ്യപ്പെട്ടിരുന്നുവെങ്കിൽ വലിയ ദോഷമില്ലാത്ത നിലയിൽ ചെയ്തുകൊടുക്കാമായിരുന്നു.

മിസ്റ്റർ സി. കെ. എസ്സ്. മണി: ആരാണു് ഈ ലേലം ചെയ്തതു്.

മിസ്റ്റർ കെ. അച്യുതമേനോൻ: താസിൽദാർ.

മിസ്റ്റർ സി. കെ. എസ്സ്. മണി: ഇതിനുമുമ്പു് അവിടെയുള്ള വാലന്മാക്കു കൊടുത്തിരുന്നതു്?

മിസ്റ്റർ കെ. അച്യുതമേനോൻ: കഴിഞ്ഞ കൊല്ലത്തിൽ അവക്കാണു് കൊടുത്തിരുന്നതു്.

മിസ്റ്റർ കെ. പി. വള്ളോൻ: കഴിഞ്ഞ തവണ വാലന്മാക്കു കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. ഇത്തവണ അവരിലാക്കെങ്കിലും വേണ്ടാ എന്നു ഗവൺമെൻറു ചോദിച്ചിട്ടുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ: ഞങ്ങൾ ലേലത്തിനു വെച്ചിരിക്കുന്നു എന്നു പരസ്യംചെയ്തുകഴിഞ്ഞാൽ പിന്നെ ആരോടും ചോദിക്കാറില്ല.

## FISH CURING YARD, KATHIALAM—PARTICULARS REGARDING.

**287.** മിസ്റ്റർ സി. കെ. എസ്സ്. മണി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെണ്ടു് ദയവായി ഉത്തരം പറയുമോ:—

കാതിയാളം മത്സ്യ ചാപ്പയും മത്സ്യ വ്യവസായ പരസ്പരസഹായ സംഘവും ഏതു താസിൽദാരുടെ കീഴിലാണു്?

മിസ്റ്റർ കെ. അച്യുതമേനോൻ: കാതിയാളംമത്സ്യ ചാപ്പയും മത്സ്യ വ്യവസായ പരസ്പരസഹായ സംഘവും കൊച്ചികണയന്നൂർ താസിൽദാരുടെ കീഴിലാണു്.

## PRAWN FISHING—VALLARPADOM AND PANAMBUKAD—COMPLAINTS REGARDING.

**288. Mr. L. M. Pylee** (*Latin Christians-Ernakulam*): Will the Government be pleased to state:—

(*a*) whether complaints have been received from the inhabitants of Vallarpadom and Panambukad desoms against the practice of prawn fishing operations in the paddy fields and

LIBRARY ARCHIVES Kerala Legislative Assembly

poramboke canals there, on the score that owing to this the fresh water supply of those desoms has been immensely spoiled;

(*b*) and if so, whether the Government will discontinue the practice of issuing licenses and of letting the poramboke canals for the said fishing purpose?

**Mr. K. Achyuta Menon** (*Diwan Peishkar*): (*a*) Yes.

(*b*) No useful object will be served by stopping the lease of poramboke canals. It is sure to harm however the revenue of Government as well as the income of the agriculturists.

## FISHING—CONCESSIONS TO PADANNAS.

**289.** മിസ്റ്റർ സി. കുഞ്ഞൻ നമ്പൂതിരിപ്പാട്: താഴെ പറയുന്ന സംഗതികൾക്ക് ഗവൺമെണ്ടിൽ നിന്നും ഭേദവുചെയ്യുമോ പടി പറയാമോ:—

(എ) അധഃകൃത സമുദായത്തിൽപെട്ട പടന്നസമുദായത്തിന്റെ പ്രധാന ഉപജീവനമാർഗ്ഗം മത്സ്യ വ്യവസായമാണെന്ന് ഗവൺമെണ്ടിലേക്കറിയാമോ;

(ബി) ആ സമുദായക്കാക്ക് ആ വിഷയത്തിൽ പ്രത്യേകമായ വല്ല ആനുകൂല്യങ്ങളും ഗവൺമെണ്ടിൽനിന്നും ചെയ്തുകൊടുക്കുന്നുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ: (എ) അറിയാം.

(ബി) ഉവ്വ്.

മിസ്റ്റർ സി. കുഞ്ഞൻ നമ്പൂതിരിപ്പാട്: എന്തെല്ലാം ആനുകൂല്യങ്ങളാണ് ചെയ്തിട്ടുള്ളത്?

മിസ്റ്റർ കെ. അച്യുതമേനോൻ: പുറമേയുള്ളവർ ര ാ ാ ക. ക്ക വിളിക്കുന്ന കാപ്പ (inland fisherman) അവക്ക് ക ാ ാ , ന ാ ാ ക. ക്ക കൊടുക്കാറുണ്ട്. ഇതാണ് ഞങ്ങളുടെ ഡിപ്പാർട്ട്മെൻറിനെ സംബന്ധിച്ചിടത്തോളം ചെയ്യാവുന്ന ആനുകൂല്യങ്ങൾ. പക്ഷെ ആവശ്യപ്പെടുന്നവർ സംഘക്കാർ ആയിരിക്കണമെന്നേയുള്ളൂ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതാതു വില്ലേജിലെ മത്സ്യക്കാപ്പുകൾ അതാതു വില്ലേജിലെ പടന്നക്കാർക്കുതന്നെ കൊടുക്കണമെന്ന പ്രമേയം ഗവൺമെണ്ടിനു കിട്ടീട്ടുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ: ബഹുമാനപ്പെട്ട മെമ്പർമാരുമായിട്ട് ഞാൻ ഇതിനെപ്പറ്റി സംസാരിച്ചിട്ടുണ്ട്. സൌകര്യമുള്ളപ്പോഴൊക്കെ അങ്ങിനെതന്നെയാണ കൊടുക്കുന്നതു്. എല്ലായ്പോഴും അങ്ങിനെ കൊടുക്കണമെങ്കിൽ പുഴതന്നെ ഭാഗിച്ചുകൊടുക്കേണ്ടിവരും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അസൌകര്യമില്ലാത്ത വില്ലേജിൽ അങ്ങിനെ കൊടുക്കാൻ ഭേദവുണ്ടാകുമോ?

മിസ്റ്റർ കെ. അച്യുതമേനോൻ: അവരവക്ക് ഇപ്പോൾ കിട്ടിവരുന്നതു കൂടിയണമെന്നാൽ എനിക്ക് അതിനു സാധ്യമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ: സംഘത്തിന്റെ നില നോക്കീട്ടല്ല ഈ കൊടുക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly